**കാലിക്കറ്റ് സർവകലാശാല**

നമ്പർ. 194226/DOA-ASST-6/2025/Admn

തീയതി: 23.09.2025

**<u>സർക്കുലർ</u>**

വിഷയം:- 2025-26 അധ്യയന വർഷത്തിലെ എം എഡ് പ്രോഗ്രാം- ഒന്നാം അലോട്ട്മെന്റ് - സംബന്ധിച്ച്

സൂചന :- 2025-26 അധ്യയന വർഷത്തേക്കുള്ള എം എഡ് പ്രോഗ്രാം വിജ്ഞാപനം.

<u>സർക്കുലർ - 1</u>

1. 2025-26 അധ്യയന വർഷത്തിലേക്കുള്ള എം.എഡ്. പ്രവേശനത്തിന്റെ, എഡ്യുക്കേഷൻ ഡിപ്പാർട്മെന്റിലേക്കും ട്രെയിനിങ് കോളേജുകളിലേക്കുമുള്ള അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

**2. അലോട്ട്മെന്റ് ലഭിച്ച മുഴുവൻ വിദ്യാർത്ഥികളും മാൻഡേറ്ററി ഫീസ് അടക്കേണ്ടതാണ്.** മാൻഡേറ്ററി ഫീസ്, എസ്.സി/ എസ് ടി/ ഒ ഇ സി ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾ :**Rs.145/-** രൂപ ( Allotment fee Rs.145/-), **മറ്റുള്ളവർ - Rs.575/-** രൂപ (Sports Affiliation Fee Rs.330/-, University Union Fee Rs.100/-, Allotment Fee Rs.145/-). മാൻഡേറ്ററി ഫീസ് ലിങ്ക് 25.09.2025 3.00 PM വരെ ലഭ്യമാകുന്നതാണ്.

3. **<u>അലോട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ പ്രവേശനത്തിന് വരുമ്പോൾ സമർപ്പിക്കുന്ന ആപ്ലിക്കേഷൻ പ്രിന്റൗട്ട് ഏറ്റവും പുതിയത് ആണെന്ന് നിർബന്ധമായും ഉറപ്പാക്കേണ്ടതാണ്.</u>**

4. ഫസ്റ്റ് ഓപ്ഷൻ ലഭിച്ചവർക്കും ലഭിച്ച ഓപ്ഷനിൽ തൃപ്തരായവർക്കും (ഹയർ ഓപ്ഷൻ മുഴുവനും റദ്ദ് ചെയ്ത്) **സ്ഥിര പ്രവേശനം** നൽകാവുന്നതാണ്. മാൻഡേറ്ററി ഫീസ് അടച്ച വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കാവൂ. മാൻഡേറ്ററി ഫീസ് അടച്ചവർക്ക് മാത്രമേ അഡ്മിഷൻ എൻട്രി സാധ്യമാവുകയുള്ളൂ.

5. ഹയർ ഓപ്ഷൻ നിലനിർത്തുന്നവർ മാൻഡേറ്ററി ഫീസ് അടച്ച് രണ്ടാം അല്ലോട്മെന്റിന് വേണ്ടി കാത്തിരിക്കാവുന്നതാണ്.

6. പ്രവേശനത്തിന്റെ പൂർണ ഉത്തരവാദിത്തം കോളേജ് പ്രിൻസിപ്പൽമാർക്കാണ്.

7. അലോട്ട്മെന്റ് ലഭിച്ച **അഡ്മിറ്റ് കാർഡുമായി** വരുന്ന വിദ്യാർത്ഥികൾക്ക് 23.09.2025 മുതൽ 25.09.2025 3 pm വരെ കോളേജുകളിൽ **സ്ഥിര പ്രവേശനം** നൽകേണ്ടതാണ്. ടി വിദ്യാർത്ഥികളെ നേരിട്ട് വിളിച്ച് പ്രവേശന ദിവസവും സമയവും ക്രമീകരിക്കാവുന്നതാണ്.

8. പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ 25.09.2025 4 PM ഉള്ളിൽ നിർബന്ധമായും

അപ്‌ലോഡ് ചെയ്യേണ്ടതാണ്, അല്ലാത്തപക്ഷം രണ്ടാം അല്ലോട്ട്മെന്റിൽ ആയതിലേക്ക് പുതിയ വിദ്യർത്ഥിക്കു അലോട്ട്മെന്റ് ലഭിക്കുന്നതും നിലവിലെ അലോട്ട്മെന്റ് നഷ്ടമാവുന്നതുമാണ്. ആയതിന്റെ പൂർണ ഉത്തരവാദിത്തം കോളേജ് പ്രിൻസിപ്പാളിനായിരിക്കും

9. കമ്മ്യൂണിറ്റി / PWD റാങ്ക് ലിസ്റ്റുകൾ കോളേജ്/ ഡിപ്പാർട്മെന്റ് ലോഗിനിൽ ലഭ്യമാണ്.

10. പ്രവേശനത്തിന് വരുന്ന വിദ്യാർത്ഥികളിൽ നിന്നും അഡ്മിറ്റ് കാർഡിൽ പറഞ്ഞിരിക്കുന്ന എല്ലാ രേഖകളും പരിശോധിച്ച ശേഷം TC ഒഴികെ ഉള്ള രേഖകൾ അന്ന് തന്നെ തിരികെ നൽകാവുന്നതാണ്.

Rajeevan Mundayat Valappil

ഡെപ്യൂട്ടി രജിസ്ട്രാർ

സ്വീകർത്താവ്:-

പഠന വകുപ്പ് മേധാവി, എം എഡ് പ്രോഗ്രാം നൽകുന്ന കോളേജുകളിലെ പ്രിൻസിപ്പൽമാർ